**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3175** **07-10-2025 - ൽ മറുപടിയ്ക്ക്**

**കായിക വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2016-17 മുതൽ നാളിതുവരെ മാവേലിക്കര മണ്ഡലത്തിൽ കായിക വകുപ്പ് അനുവദിച്ച വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസീകവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പ്, SCERT, NGGFn (നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻസ് ഫൗണ്ടേഷൻ) എന്നിവയുമായി സഹകരിച്ച് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന കായിക യുവജനകാര്യാലയം ആലപ്പുഴ ജില്ലയിലെ മാവേലിക്കര Govt New LPS Kallimel - ൽ ഹെൽത്തി കിഡ്സ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. തഴക്കര ഗ്രാമ പഞ്ചായത്ത് – ഇറവങ്കര സ്റ്റേഡിയം

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി തഴക്കര ഗ്രാമപഞ്ചായത്ത് ഇറവങ്കര ഗ്രൗണ്ട് നവീകരണ പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടറിൽ നിന്നും 30.12.2023 ലെ നം. ജി3-8795/2023 പ്രകാരം എം.എൽ.എ ഫണ്ട് വിഹിതമായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. മേൽ പ്രവൃത്തിയ്ക്ക് കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 50 ലക്ഷം രൂപയും ഉൾപ്പടെ 100 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി 11.01.2024 ന് കായിക യുവജനകാര്യ ഡയറക്ടർ നല്കുകയും ചെയ്തു. ആയത് പ്രകാരം 19.02.2024 തീയതിയിൽ 89,94,000/-

രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് 09.03.2024 ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. എന്നാൽ ടി ഇ-ടെൻറിൽ ആരും പങ്കെടുത്തിരുന്നില്ല. ആയതിനാൽ 29.04.2024, 13.05.2024 എന്നീ തീയതികളിൽ പുന:ദർഘാസുകൾ ക്ഷണിച്ചിരുന്നു. 13.05.2024 തീയതിയിൽ ലഭിച്ച ദർഘാസ് പ്രകാരം യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. എൻ. വിജയൻ, ആലപ്പുഴ എന്ന കരാറുകാരനുമായി 79,73,000/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) 02.08.2024 കരാറിൽ ഏർപ്പെടുകയും ചെയ്തു. കരാറുകാരന് 12.08.2024 ന് സൈറ്റ് കൈമാറി നൽകയിട്ടുണ്ട്. തുടർന്ന് സ്കൂളിന്റെ മെയിൻ ഗേറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്കൂൾ അധികൃതർക്ക് അഭിപ്രായ വ്യത്യാസമുണ്ടായ സാഹചര്യത്തിൽ 23.11.2024 ന് ബഹു. എം. എൽ. എ. യുടെ സാന്നിദ്ധ്യത്തിൽ ഒരു മീറ്റിംഗ് നടക്കുകയും ആയതിൽ മെയിൻ ഗേറ്റിന്റെ സ്ഥാനം മാറ്റി നിർദ്ദേശിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ സ്ഥലത്ത് ഗേറ്റ് സ്ഥാപിക്കുമ്പോൾ ഇലക്ട്രിക് പോസ്റ്റ് മാറ്റേണ്ടതും, 10 ൽ അധികം മരങ്ങൾ മുറിച്ചു മാറ്റേണ്ടതുമുണ്ട്. ഇത് സംബന്ധിച്ച് സ്കൂൾ അധികൃതരെ വിവരങ്ങൾ അറിയിക്കുകയും 27.11.2024 ൽ സ്കൂളിൽ നിന്നും പഞ്ചായത്തിലേയ്ക്കും, 06.01.2025 ൽ ജില്ലാ പഞ്ചായത്തിലേയ്ക്കും കത്തുകൾ സമർപ്പിക്കുകയും ചെയ്തിരുന്നു. മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജൂൺ 30 ന് മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള നടപിടികൾ സ്വീകരിക്കുകയും ചെയ്തു. ആയതിനുശേഷം മഴ കാരണം ഗ്രൗണ്ട് വർക്കുകൾ തടസ്സപ്പെടുകയും ചെയ്തിരുന്നു. ബഹു. എം. എൽ. എ സൈറ്റ് സന്ദർശിക്കുകയും പ്രവൃത്തിയിൽ മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ആയത് കരാറുകാരനെ അറിയിക്കുകയും, പ്രവൃത്തി ത്വരിതപ്പെടുത്തന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. പടനിലം നൂറനാട് ഗ്രാമ പഞ്ചായത്ത് കളിസ്ഥലം

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന പടനിലം നൂറനാട് ഗ്രാമ പഞ്ചായത്ത് കളിസ്ഥലം പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടറിൽ നിന്നും 04.06.2025 ലെ നം. എഡിഎസ്/എഎൽപി/2592/2025-ജി4 പ്രകാരം എം.എൽ.എ ഫണ്ട് വിഹിതമായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. മേൽ പ്രവൃത്തിയ്ക്ക് കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 50 ലക്ഷം രൂപയും ഉൾപ്പടെ 100 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി 16.05.2025 ന് കായിക യുവജനകാര്യ ഡയറക്ടർ നല്കുകയും ചെയ്തു. ആയത് പ്രകാരം 24.06.2025 തീയതിയിൽ 93,89,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/s. പ്രൈംടെക് എഞ്ചിനീയറിംഗ് എന്ന സ്ഥാപനവുമായി 81,13,630/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) 07.08.2025 കരാറിൽ ഏർപ്പെടുകയും ചെയ്തു. കരാറുകാരന് 14.08.2025 ന് പ്രവൃത്തി ചെയ്യുന്നതിലേക്കായി സൈറ്റ് കൈമാറി നല്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. നിലവിൽ 30% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ഗ്രൗണ്ട് വർക്കും, റീറ്റെയിനിംഗ് വാളും പൂർത്തിയായി. കെർബിന്റെ പ്രവൃത്തിയും ലൈറ്റ് പോളിന്റെ പ്രവൃത്തിയും പുരോഗമിക്കുന്നു.

3. തൈക്കെകര ഗ്രാമപഞ്ചായത്ത് കളിസ്ഥലം

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന തൈക്കെകര ഗ്രാമപഞ്ചായത്ത് കളിസ്ഥലം പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടറിൽ നിന്നും 26.07.2025 ലെ നം. എഡിഎസ്/എഎൽപി/4656/2025-ജി4 പ്രകാരം എം.എൽ.എ ഫണ്ട് വിഹിതമായി 23.40 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. മേൽ പ്രവൃത്തിയ്ക്ക് കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 23.40 ലക്ഷം രൂപയും ഉൾപ്പടെ 46.80 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി 07.08.2025 ന് കായിക യുവജനകാര്യ

ഡയറക്ടർ നല്കുകയും ചെയ്തു. ആയത് പ്രകാരം 12.08.2025 തീയതിയിൽ 43,98,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. എൻ. വിജയൻ എന്ന കരാറുകാരന് 12.09.2025 ൽ വർക്ക് ഓർഡർ നല്കുകയും കരാറിലേർപ്പെടുന്നതിനുള്ള നിർദ്ദേശം നല്കിയിട്ടുണ്ട്.

**4. വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് കളിസ്ഥലം**

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് കളിസ്ഥലം പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടറിൽ നിന്നും 26.07.2025 ലെ നം. എഡിഎസ്/എഎൽപി/4658/ 2025-ജി4 പ്രകാരം എം.എൽ.എ ഫണ്ട് വിഹിതമായി 36.33 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. മേൽ പ്രവൃത്തിയ്ക്ക് കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 36.33 ലക്ഷം രൂപയും ഉൾപ്പടെ 72.66 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി 07.08.2025 ന് കായിക യുവജനകാര്യ ഡയറക്ടർ നല്കുകയും ചെയ്തു. ആയത് പ്രകാരം 12.08.2025 തീയതിയിൽ 68,25,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും, ഇതിൻ പ്രകാരം ടെൻഡർ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. വർക്ക് ഓർഡർ നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**5. പാലമേൽ ഗ്രാമപഞ്ചായത്ത് കളിസ്ഥലം**

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന പാലമേൽ ഗ്രാമപഞ്ചായത്ത് കളിസ്ഥലം പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടറിൽ നിന്നും 26.07.2025 ലെ നം. എഡിഎസ്/എഎൽപി/ 4657/2025-ജി4 പ്രകാരം എം.എൽ.എ ഫണ്ട് വിഹിതമായി 27.93 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. മേൽ പ്രവൃത്തിയ്ക്ക് കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 27.93 ലക്ഷം രൂപയും ഉൾപ്പടെ 55.86

ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി 07.08.2025 ന് കായിക യുവജനകാര്യ ഡയറക്ടർ നല്കുകയും ചെയ്തു. ആയതിൻ പ്രകാരം 12.08.2025 തീയതിയിൽ 52,46,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും, ആയതിൻ പ്രകാരം ടെൻഡർ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. വർക്ക് ഓർഡർ നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**6. താമരക്കുളം ഗ്രാമപഞ്ചായത്ത് പച്ചക്കാട് കളിസ്ഥലം**

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്ത താമരക്കുളം ഗ്രാമപഞ്ചായത്ത് പച്ചക്കാട് കളിസ്ഥലം പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടറിൽ നിന്നും 26.07.2025 ലെ നം. എഡിഎസ്/എഎൽപി/4653/2025-ജി4 പ്രകാരം എം.എൽ.എ ഫണ്ട് വിഹിതമായി 20 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. മേൽ പ്രവൃത്തിയ്ക്ക് കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 20 ലക്ഷം രൂപയും ഉൾപ്പടെ 40 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി 07.08.2025 ന് കായിക യുവജനകാര്യ ഡയറക്ടർ നല്കുകയും ചെയ്തു. ആയത് പ്രകാരം 12.08.2025 തീയതിയിൽ 37,56,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും, ആയതിൻ പ്രകാരം ടെൻഡർ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. വർക്ക് ഓർഡർ നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**7. താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ടിൽ അടിസ്ഥാന സൗകര്യങ്ങളും വികസനവും**

2019 - 20 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ആലപ്പുഴ മണ്ഡലത്തിലെ താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ടിന്റെ പ്രവൃത്തിക്ക് 5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ഇതനുസരിച്ച് മേൽ പ്രവൃത്തിയ്ക്ക് കരാറുകാരനായ ബി & ഐ കൺസ്ട്രക്ഷനുമായി കാരാറിൽ ഏർപ്പെടുകയും ചെയ്തു. 90 m x 55 m വിസ്തീർണ്ണമുള്ള നാചുറൽ ടർഫ്, സ്റ്റെപ്പ് ഗ്യാലറി, ഓഫീസ്, ജിം, ഗ്രൗണ്ട് ഡെവലപ്മെന്റ്, ചുറ്റുമതിൽ, സമ്പ് ടാങ്ക്, അനുബന്ധ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്.

53% പ്രവൃത്തി പൂർത്തീകരിച്ചു. ജിം കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ്, സ്റ്റെപ്പ് ഗ്യാലറി പ്ലാസ്റ്ററിംഗ്, ഗൗണ്ട് ലെവലിംഗ് പ്രവൃത്തി, എർത്ത് ഫില്ലിംഗ് പൂർത്തീകരിച്ചു. ഡ്രെയിനേജ് നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം - 90% പൂർത്തീകരിച്ചു, ഓഫീസ് കെട്ടിടത്തിന്റെ പ്ലംബിംഗ് വർക്കും ഡോറിന്റെ തടിപ്പണികളും, ഡ്രെയിനേജിന്റെ പ്രവൃത്തികളും പുരോഗമിക്കുന്നു. മഡ് ഫുട്ബോൾ ഗ്രൗണ്ട്, ബാക്കിയുള്ള എർത്ത് ഫില്ലിംഗ്, കെർബ്, ഇലക്ട്രിഫിക്കേഷൻ വർക്ക് എന്നിവ പൂർത്തീകരിക്കാനുണ്ട്.

പൂർത്തീകരിച്ച പ്രവൃത്തികളുടെ CC 1st & പാർട്ട് ബില്ല് 25.10.2022 നും CC 2nd & പാർട്ട് ബില്ല് 15.11.2023 നും സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ അംഗീകരിച്ച് കായിക വകുപ്പ് മുഖേന എൽ. എസ്. ജി. ഡി. യിൽ സമർപ്പിച്ചിരുന്നുവെങ്കിലും എൽ എസ് ജി ഡി യിൽ നിന്നും ബിൽ തുക ലഭിക്കാനുള്ള കാലതാമസം കാരണം 13.02.2024 മുതൽ കരാറുകാരൻ പ്രവൃത്തി നിർത്തി വച്ചിരുന്നു.

04.05.2024 ൽ ബഹു. എം. എൽ. എ. യുമായി നടന്ന മീറ്റിംഗിൽ നിലവിലുള്ള എഗ്രിമെന്റ് ഷെഡ്യൂളിൽ പരാമർശിച്ചിരിക്കുന്ന നാചറൽ ടർഫ് മാറ്റി മഡ് കോർട്ട് ആക്കാനും യോഗത്തിൽ തീരുമാനം എടുത്തു. മഴ കാരണം പ്രവൃത്തി തടസ്സപ്പെട്ടിരുന്നു.

പെന്റിംഗ് ബില്ല് കിട്ടിയതിനുശേഷമാണ് കരാറുകാരൻ പ്രവൃത്തി പുനരാംരഭിച്ചത്. എത്രയും വേഗം പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**8. പഴഞ്ചിറക്കുളം സ്വിമ്മിംഗ് പ്രാക്ടീസ് സെന്റർ, തഴക്കര ഗ്രാമപഞ്ചായത്ത്**

തഴക്കര ഗ്രാമപഞ്ചായത്ത് പഴഞ്ചിറക്കുളം സ്വിമ്മിംഗ് പ്രാക്ടീസ് സെന്ററിന്റെ നിർമ്മാണ പ്രവൃത്തിക്ക് 1 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിരുന്നുത് 93.89 ലക്ഷം രൂപയ്ക്ക് (GST ഉൾപ്പെടെ) സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. ഷിബുകുമാർ എസ് എസ്., തിരുവനന്തപുരം എന്ന കരാറുകാരുകാരനാണ് 85.33 ലക്ഷം രൂപയ്ക്ക് (GST ഒഴികെ) ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്.

ടി പദ്ധതിയിൽ 75 m x 70 m സൈസിലുള്ള കുളത്തിന്റെ വശങ്ങളിലുള്ള സംരക്ഷണ ഭിത്തിയുടെ പുനർനിർമ്മാണം, കുളത്തിന്റെ അടിത്തട്ടിലുള്ള ചെളിമാറ്റി ആഴം കൂട്ടൽ, കുളത്തിന്റെ വശങ്ങളിൽ ഹാന്റ് റെയിൽ സ്ഥാപിക്കൽ, കുളത്തിലേക്ക് ഇറങ്ങുന്നതിനുള്ള പടവുകളുടെ നിർമ്മാണം, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ തുടങ്ങിയ ഘടകങ്ങളാണ് പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 6 മാസമാണ്.

23.08.2024 ന് സൈറ്റ് കരാറുകാരന് ഹാന്റ് ഓവർ ചെയ്തു. പ്രസ്തുത കുളത്തിന്റെ അടുത്തുള്ള കനാലിലെ വെള്ളത്തിന്റെ ഒഴുക്ക് കാരണം പ്രവൃത്തി ആരംഭിക്കുവാൻ കാലതാമസം നേരിട്ടു. 08.12.2024 ൽ പ്രവൃത്തി ആരംഭിക്കുകയും. നിലവിൽ 25% പൂർത്തീകരിച്ചു. (കുളത്തിലെ ചെളി മുഴുവൻ നീക്കം ചെയ്തു.) കാരാറുകാരന് പൂർത്തിയായ പ്രവൃത്തിയുടെ ബില്ല് തുക ലഭ്യമാകാത്തുതും. മഴകാരണവും പ്രവൃത്തി നിർത്തി വച്ചിരിക്കുകയാണ്. ഉടൻതന്നെ പ്രവൃത്തി ആരംഭിക്കുവാൻ കരാറുകാരൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**9. ചുനക്കര ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം**

2023 – 24 ബഡ്ജറ്റിൽ ഉൾപ്പെട്ട ചുനക്കര ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്ക് 1 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. 93.89 ലക്ഷം രൂപയ്ക്ക് (GST ഉൾപ്പെടെ) സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. എൻ. വിജയൻ, ആലപ്പുഴ എന്ന കരാറുകാരനാണ് 86.80 ലക്ഷം രൂപയ്ക്ക് (GST ഒഴികെ) ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്.

ടി പദ്ധതിയിൽ പ്രധാനമായും മൾട്ടി പർപ്പസ് മഡ് കോർട്ട് (36 m x 55 m), റീറ്റെയിനിംഗ് വാൾ (154 m), സ്റ്റെപ്പ് ഗ്യാലറി (53 m), ഡ്രെയിനേജ്, ഫെൻസിംഗ്, നെയിംബോർഡ്, ഇലക്ട്രിഫിക്കേഷൻ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 6 മാസമാണ്. 12.08.2024 ന് സൈറ്റ് കരാറുകാരന് ഹാന്റ് ഓവർ ചെയ്യുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു.

നിലവിൽ 25% പൂർത്തീകരിച്ചു. ഗ്രൗണ്ടിന്റെ കിഴക്കു ഭാഗത്തുള്ള കോൺക്രീറ്റ് റീറ്റെയിനിംഗ് വാളിന്റെ നിർമ്മാണം പൂർത്തീകരിച്ചു. പ്ലിന്ത് ബീമിന്റെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്. പ്രസ്തുത സ്ഥലത്തുകൂടി ഇലക്ട്രിക്ക് ലൈൻ കടന്ന് പോകുന്നുണ്ട്. പ്രസ്തുത ഇലക്ട്രിക് ലൈൻ മാറ്റിയാൽ മാത്രമെ പ്രവൃത്തി തുടരുവാൻ സാധിക്കുകയുള്ളൂ. ആയത് മാറ്റുന്നതു സംബന്ധിച്ച ബഹു. എം. എൽ. എ. അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 28.07.2025 ൽ ബഹു. എം. എൽ. എ. യും, സ്പോർട്ട് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥരും, പഞ്ചായത്ത് അധികൃതരും, കെ. എസ്. ഇ. ബി. അധികൃതരും സൈറ്റ് സന്ദർശിക്കുകയും ഇലക്ട്രിക് ലൈൻ മാറ്റി കേബിൾ ഇടുന്നതിനുള്ള തീരുമാനം കെ. എസ്. ഇ. ബി. അറിയിക്കുകയും ചെയ്തു. എന്നാൽ നാളിതുവരെ നടപടികളൊന്നും കെ. എസ്. ഇ. ബി. സ്വീകരിച്ചിട്ടില്ല. വോളീബോൾ കോർട്ട് ചെയ്യുന്നതിനുള്ള സ്ഥലവും ലഭ്യമായിട്ടില്ല. പ്രസ്തുത ഇലക്ട്രിക് ലൈൻ മാറ്റുകയും, പ്രസ്തുത സ്ഥലവും ലഭ്യമായാലുടൻ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**10. മാവേലിക്കരയിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ**

മാവേലിക്കര ലൈഫ് ഫിറ്റ്നസ് സെന്ററിന്റെ നിർമ്മാണം 1.17 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.